# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

ജാഗ്രതാ സമിതികൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1610** **16.3.15- ൽ മറുപടി നൽ കേണ്ടത്:**

| | ചോദ്യം<br>ശ്രീ.പി.എ.മാധവൻ,<br>ശ്രീ.വിറ്റി.ബൽറാം,<br>ശ്രീ.ഹൈബി ഈഡൻ,<br>ശ്രീ.എ.റ്റി.ജോർജ് | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) | സർക്കാരിന്റെ 23.06.2007-ലെ സ.ഉ.(എം.എസ്) നം.31/2007/സാക്ഷേവ ഉത്തരവ് പ്രകാരമാണ് ഗ്രാമ പഞ്ചായത്തുകളിൽ ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്ത്രീകളും പെൺകുട്ടികളും കക്ഷിയായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, എത്രയും പെട്ടെന്ന് ആവശ്യമായ ഇടപെടലുകളും പരിഹാരവും സഹായ സംവിധാനവും ഉണ്ടാക്കുക.<br>2. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമലംഘനത്തിനും ചൂഷണത്തിനും അനീതികൾക്കുമെതിരെ സ്വയം ഇടപെടുക, പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.<br>3. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.<br>4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുവാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.<br>5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക. |
| (ബി) | ബാലപീഡനം ഒഴിവാക്കുന്നതിന് സമിതികളെ എങ്ങനെ | (ബി) | പഞ്ചായത്ത്തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കി തീർക്കുവാൻ ഓരോ വാർഡിലും വാർഡ് |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ; | | മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികളും, പഞ്ചായത്ത് തല സമിതികളും നിയമസഹായ സമിതികളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ നേരിടുന്ന പീഢനങ്ങൾ ഏതൊക്കെ തരത്തിലാണെന്ന് പ്രാദേശിക തലത്തിലെ ഏറ്റവും താഴെ തട്ടിലെ ഭരണ നിർവ്വഹം ഏറ്റെടുത്തിരിക്കുന്ന വാർഡ് മെമ്പർമാർക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തുകളിലെ കുട്ടികളെ സംബന്ധിച്ച വിവരം വാർഡ് തലത്തിൽ സർ വ്വേ നടത്തി കണ്ടെത്തുന്നതിനും, കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പെൺകുട്ടികൾ ക്കെതിരെയുള്ള പ്രശ്നങ്ങളിൽ ജാഗ്രതാസമിതിയിൽ എത്തിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കുവാൻ അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി വാർഡ് മെമ്പർമാർ വഴി സാധിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | | കുട്ടികൾ ക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ട് 29.11.2013-ലെ സ.ഉ.(എം.എസ്) നം.101/2013/സാനീവ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികൾ ക്കെതിരായ അതിക്രമങ്ങൾ പ്രത്യേകിച്ചും രണ്ടാനച്ഛൻമാരിൽ നിന്നും, രണ്ടാനമ്മമാരിൽ നിന്ന് തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ട് ഗവൺ മെൻറ് അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) | പഠന റിപ്പോർട്ട് നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | ഗ്രാമപഞ്ചായത്തുതലത്തിലും നിയോജക മണ്ഡലതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ജീവിത സുരക്ഷിതത്വവും ഉയർത്തിക്കൊണ്ട് വരുന്നതിനും അവർ ക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും |

| | | | |
|---|---|---|---|
| | | | അവകാശലംഘനങ്ങളും സർവ്വതലത്തിലും തടയുന്നതിനും പ്രാദേശിക സർക്കാർ തലത്തിൽ നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുന്ന കുട്ടികളുടേയും സ്ത്രീകളുടേയും സംരക്ഷണവേദിയെന്ന നിലയിലാണ് ജാഗ്രതാസമിതികൾ രൂപീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ജാഗ്രതാസമിതികൾ പഞ്ചായത്ത് തലത്തിലും നിയോജക മണ്ഡലതലത്തിലുമാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സമിതി ഗ്രാമപഞ്ചായത്തുതല ജാഗ്രതാസമിതിയെന്നും നിയോജകമണ്ഡലതലത്തിൽ രൂപീകരിക്കുന്ന സമിതി വാർഡുതല ജാഗ്രതാസമിതിയെന്നും അറിയപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്തുതല ജാഗ്രതാസമിതിയുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡൻറും നിയോജക മണ്ഡലതല ജാഗ്രതാ സമിതിയുടെ കൺവീനർ ആ നിയോജക മണ്ഡലത്തെ പ്രതിനിധികരിക്കുന്ന ഗ്രാമപഞ്ചായത്തിലെ അംഗവും ആയിരിക്കും. നിയോജക മണ്ഡലതല ജാഗ്രതാസമിതിയുടേയും പഞ്ചായത്തുതല ജാഗ്രതാസമിതിയുടേയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചു കൂട്ടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

Kaipeem

**സെക്ഷൻ ഓഫീസർ**